പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2297 — 09.03.2018-ൽ മറുപടിയ്ക്ക്

## കാട്ടുതീ നിയന്ത്രിക്കുവാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. രാജു എബ്രഹാം<br>ശ്രീ.ഐ.ബി. സതീഷ്<br>ശ്രീ.ബി.ഡി.ദേവസ്സി<br>ശ്രീ.കെ.ഡി.പ്രസേനൻ | അഡ്വ.കെ.രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പു മന്ത്രി) |
| (എ) കാട്ടുതീമൂലം വനസമ്പത്തും ജൈവസമ്പത്തും നശിക്കുകയും പക്ഷി മൃഗാദികളുടെ ആവാസ വ്യവസ്ഥ അപകടത്തിലാവുകയും ചെയ്യുന്നത് ഗൗരവമായി കാണുന്നുണ്ടോ; | (എ) കാട്ടുതീമൂലം വനസമ്പത്തും ജൈവസമ്പത്തും നശിക്കുകയും പക്ഷി മൃഗാദികളുടെ ആവാസ വ്യവസ്ഥ അപകടത്തിലാവുകയും ചെയ്യുന്നത് ഗൗരവമായി കാണുന്നുണ്ട്. |
| (ബി) കാട്ടുതീ നിയന്ത്രിക്കുന്നതിന് വനപാലകർക്ക് വിദഗ്ധ പരിശീലനം നൽകുന്നതിനും ആധുനിക സംവിധാനങ്ങൾ ഒരുക്കുന്നതിനും എന്തെല്ലാം പ്രവൃത്തികളാണ് നടപ്പാക്കി വരുന്നത്; | (ബി) കാട്ടുതീ നിയന്ത്രിക്കുന്നതിന് വനപാലകർക്ക് വിദഗ്ധപരിശീലനം നൽകുന്നതിനോടൊപ്പം, കാട്ടുതീ ഏതെങ്കിലും വനമേഖലയിൽ ഉണ്ടാവുകയാണെങ്കിൽ അത് ഉപഗ്രഹത്തിന്റെ സഹായത്തോടെ കണ്ടെത്തി ബന്ധപ്പെട്ട വനം വകുപ്പ് ഉദ്യോഗസ്ഥർക്ക് വിവരം ലഭിക്കത്തക്കവിധം ഡെറാഡൂൺ ആസ്ഥാനമായ ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യ ഒരുക്കിയിട്ടുള്ള ഫോറസ്റ്റ് ഫയർ അലർട്ട് സംവിധാനം ഉപയോഗപ്പെടുത്തി വരുന്നുണ്ട്. ഇതിലേയ്ക്കായി സംസ്ഥാനത്തെ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാരും വൈൽഡ് ലൈഫ് വാർഡന്മാരും റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാരും ഫോറസ്റ്റ് സ്റ്റേഷന്റെ ചാർജ്ജുള്ള ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാരും, സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാരും ഇതിൽ പേര് രജിസ്റ്റർ ചെയ്ത് പ്രസ്തുത സംവിധാനം ഉപയോഗപ്പെടുത്തി വരുന്നു.<br>അഗ്നി പ്രതിരോധ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കാനായി സംസ്ഥാന തലത്തിൽ വനം വകുപ്പ് ആസ്ഥാനത്ത് ഒരു ഫയർ മോണിറ്ററിംഗ് സെൽ പ്രവർത്തിച്ച |

വരുന്നു. ഇതിനു പുറമെ എല്ലാ വന ഡിവിഷനുകളിലും ഫയർ കൺട്രോൾ റൂമും അടിയന്തര സാഹചര്യങ്ങൾ നേരിടാൻ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ ക്രൈസിസ് മാനേജ്മെന്റ് ടീമും പ്രവർത്തിച്ചുവരുന്നു.

| | |
|---|---|
| (സി) അനിയന്ത്രിതമായി വനസമ്പത്ത് കത്തി നശിക്കുന്ന അവസരങ്ങളിൽ സൈന്യത്തിന്റെ സഹായം അഭ്യർത്ഥിക്കുന്നതിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോ; ഇല്ലെങ്കിൽ അത്തരത്തിലുള്ള ഇടപെടലിലൂടെ കാട്ടുതീ നിയന്ത്രണ വിധേയമാക്കുന്നതിന് പദ്ധതികൾ ആസൂത്രണം ചെയ്യുമോയെന്ന് വ്യക്തമാക്കുമോ? | (സി) അനിയന്ത്രിതമായി വനസമ്പത്ത് കത്തിനശിക്കുന്ന അവസരങ്ങളിൽ സൈന്യത്തിന്റെ സഹായം അഭ്യർത്ഥിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ